എന്നാൽ കൊടുങ്ങല്ലൂർ നഗരസഭ ആവശ്യമായ സ്ഥലം ലഭ്യമാക്കാത്തതിനാൽ പദ്ധതി ഉപേക്ഷിക്കുകയുണ്ടായി.

(ബി) — (ഇ) ബാധകമല്ല.

കയർ മേഖലയിൽ കേന്ദ്രനിക്ഷേപം കൊണ്ടുവരാനുള്ള നിർദ്ദേശം

108 [2863] *ശ്രീ. ടി. എം. ജേക്കബ്:*
,, *ഷിബു ബേബി ജോൺ:*
,, *ജോണി നെല്ലൂർ:*
,, *കെ. ബി. ഗണേഷ് കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർമേഖല നേരിടുന്ന പ്രതിസന്ധിമൂലം ഒട്ടേറെ പരമ്പരാഗത തൊഴിലാളികൾ പട്ടിണിയിലായിരുന്നതായി മാദ്ധ്യമങ്ങളിൽവന്ന വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു പരിഹരിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(സി) കയർമേഖലയിൽ കേന്ദ്ര നിക്ഷേപം കൊണ്ടുവരാനുള്ള എന്തെങ്കിലും നിർദ്ദേശം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) പത്രവാർത്ത കണ്ടു.

(ബി) കയർമേഖലയിലെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധമായി വച്ചിട്ടുണ്ട്.†

(സി) കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി അഞ്ച് പദ്ധതികൾ അടങ്ങുന്ന ഒരു 'കോംപ്രിഹെൻസീവ് സ്കീം' സർക്കാരിന്റെ പരിഗണനയിലാണ്.

കയർ കയറ്റുമതി സംരക്ഷിക്കാൻ നടപടി

109 [2864] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ ഉൽപ്പന്നങ്ങൾ കയറ്റുമതി ചെയ്യുന്നതിനുള്ള ചാർജ് വർദ്ധിപ്പിക്കുവാൻ കൊച്ചിൻ പോർട്ട് ട്രസ്റ്റ്, താരിഫ് അതോറിറ്റി ഫോർ മേജർ പോർട്ട്സ് (റ്റാമ്പ്)-ന് അപേക്ഷ നൽകിയിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

†അനുബന്ധം XIV.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ചാർജ് വർദ്ധിപ്പിക്കുന്നത് സംസ്ഥാനത്തുനിന്നുള്ള കയർ കയറ്റുമതിയെ ബാധിക്കുമോ; എങ്കിൽ ഇതു തടയുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. ദി ഇന്ത്യ ഗേറ്റ്വേ ടെർമിനൽ (പ്രൈ) ലിമിറ്റഡ് എന്ന സ്ഥാപനം, കൊച്ചിൻ പോർട്ട് രാജീവ്ഗാന്ധി കണ്ടെയ്നർ ടെർമിനലിൽ കയറ്റുമതി ചാർജ് 36% മുതൽ 37% വരെ വർദ്ധിപ്പിക്കുവാൻ അപേക്ഷ നൽകിയിട്ടുള്ളതായി കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

(ബി) ചാർജ് വർദ്ധിപ്പിക്കുന്നത് സംസ്ഥാനത്തുനിന്നുള്ള കയർ കയറ്റുമതിയെ പ്രതികൂലമായി ബാധിക്കും. ടി ചാർജ് വർദ്ധനയ്ക്കുള്ള പ്രൊപ്പോസലിന് അംഗികാരം നൽകരുതെന്ന് ആലപ്പുഴയിലെ ട്രാവൻകൂർ മാറ്റ്സ് & മാറ്റിംഗ്സ് മാനുഫാക്ചറേഴ്സ് അസോസിയേഷൻ മുംബൈയിലെ റ്റാരിഫ് അതോറിറ്റി ഫോർ മേജർ പോർട്സിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ അന്തിമതീരുമാനമായിട്ടില്ല. അഗ്രോ & റൂറൽ ഇൻഡസ്ട്രീസ് മന്ത്രികാര്യാലയവുമായി ബന്ധപ്പെട്ട്, കയർ ബോർഡ് ഇക്കാര്യത്തിൽ ഇടപെട്ട് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണെന്ന് കയർ ബോർഡ് അറിയിച്ചിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകൾവഴി തൊണ്ട് ശേഖരണം

110 [2866] *ശ്രീ. തമ്പാനൂർ രവി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ പ്രാഥമിക കയർ സഹകരണ സംഘങ്ങൾ ചകിരി കിട്ടാത്തതിനാൽ പ്രതിസന്ധി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(സി) ഇതിനായി കുടുംബശ്രീ യൂണിറ്റുകൾവഴി തൊണ്ട് സംഭരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. ചകിരിക്ഷാമം പരിഹരിക്കുന്നതിന് റോ മെറ്റീരിയൽ ബാങ്ക് തുടങ്ങുവാൻ കയർഫെഡിനും കയർ കോർപ്പറേഷനും ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രൈവറ്റ് സെക്ടറിൽ കയർ ഡീഫൈബറിംഗ് യൂണിറ്റുകൾ സ്ഥാപിക്കാൻ 50% മുടക്കു മുതലോ 10 ലക്ഷം രൂപവരെയോ കുറവ് ഏതാണെന്നുവച്ചാൽ ഈ തുക അനുവദിക്കുന്നതാണ്. ഇതിനും പുറമെ ചകിരി ഇറക്കുമതി ചെയ്യുന്നതിന് ഫോമില്ലിന് അനുവാദം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly